ശ്രീ. എൻ. കുഞ്ഞുരാമൻ: അവരെ പിരിച്ചുവിടുകയാണെങ്കിൽ തിരിയെ എടുക്കുന്നതിനു വ്യവസ്ഥയുണ്ടാക്കാം. എന്നാൽ പലരും അങ്ങോട്ടു പോയാൽ വളരെ ആനുകൂല്യം കിട്ടുമെന്നു വിചാരിച്ചു പോകയും വിചാരിച്ചതുപോലെയുള്ള ആനുകൂല്യം ഇല്ലെന്നുകണ്ടു പ്പാഠം തിരിയെ വരണമെന്നു് ആഗ്രഹിക്കുകയും ചെയ്യുന്നതായി അറിയാം.

ശ്രീ. എ. താണുപിള്ള: ഈ ഗവൺമെണ്ടിൽനിന്നു സെൻട്രൽ ഗവൺമെണ്ടിലേക്കു് ആളുകളെ എടുത്തിട്ടുള്ളതു് അവരുടെ ഇവിടെയുള്ള സർവ്വീസിനു ഭംഗം വരുകയില്ലെന്നുള്ള അടിസ്ഥാനത്തിലല്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ: തീർച്ചയായിട്ടും.

## പുതിയ പഞ്ചായത്തു് ആക്ടു്

*247. (28) ശ്രീ. വി. കെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പുതിയ പഞ്ചായത്തു് ആക്ടു് എന്നാണു് ഇവിടെ നടപ്പിലാക്കുവാൻ പോകുന്നതു്;

(ബി) അതനുസരിച്ചുള്ള തെരഞ്ഞെടുപ്പു് എന്നത്തേക്കു നടത്തുവാനാണു് ഗവൺമെണ്ടുദ്ദേശിക്കുന്നതു്;

(സി) ഈ തെരഞ്ഞെടുപ്പു നടത്തുവാൻ എത്രകൊണ്ടാണു് ഇത്രയും താമസിച്ചതു്?

വ്യവസായവും എക്സൈസും സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): ഈ ചോദ്യത്തിനു മുമ്പുതന്നെ ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

## PROPERTY TAX

*246. [27] **Sri. N. V. Chacko:** Will the Hon'ble Minister for Local Self Government be pleased to state.—

(*a*) whether the Government are aware that the City Corporation of Trivandrum for the Ist time assessed all the Educational Institutions in the City with retrospective effect from the first half of M.E. 1121 for property tax at very prohibitive rates;

(*b*) whether representations were made to the Corporation and to the Government to exempt Educational Institutions from property tax;

(*c*) whether Government would be pleased to consider the representations favourably;

(*d*) whether the rental values of educational buildings are fixed arbitrarily by the assessing officers; and

(*e*) whether outside Travancore-Cochin State, the Educational Institutions are not exempted from property tax?

*Minister for Industries, Excise and Local Self Government* **(Sri. N. Kunjuraman):** The answer is not ready.

**Sri. Eapen Arakal:** Yesterday a question of this kind was answered. I do not understand now how this kind of answer can be given.

**Sri. N. Kunjuraman:** This requires further details.

## LIQUOR LICENSEES

*247. [28] **Sri. Paul Thaliath:** Will the Hon'ble Minister for Excise be pleased to state:

(*a*) whether all the foreign liquor licensees (1) of the Trichur District have to pay the same licence fees;



LIBRARY ARCHIVES Kerala Legislative Assembly

Page 1